ഭരണഭാഷ — മാതൃഭാഷ

നമ്പർ.സി.3/15622/റ്റി.സി./2013

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം-14,
[☎0471-2333337/2333317 ഫാക്സ് 0471-2333314]
www.keralamvd.com [ഇ-മെയിൽ - tcoffice@keralamvd.gov.in ]
തീയ്യതി,11.07.2013.

പ്രേഷിതൻ,

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ് ,

ഡയറക്ടർ,
ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
ആരോഗ്യ ഭവൻ,
തിരുവനന്തപുരം.

സർ,

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** — ആയുർവേദ പാരാ മെഡിക്കൽ കോഴ്സ് പഠിയ്ക്കുന്ന വിദ്യാർത്ഥികൾക്കുള്ള ബസ്സ് കൺസഷൻ - മറുപടി സംബന്ധിച്ച്.

സൂചന :- താങ്കളുടെ 1.07.2013-ലെ പി/1630/2013/ഡി.എ.എം.ഇ (1) നമ്പർ കത്ത്.

മേൽ സൂചന പ്രകാരമുള്ള താങ്കളുടെ കത്തിലേയ്ക്ക് ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു. നിലവിലുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം ഏതെങ്കിലും ഒരു അംഗീകൃത സ്ഥാപനത്തിൽ ഒരു അംഗീകൃത കോഴ്സ് ഫുൾടൈം ആയി പഠിയ്ക്കുന്ന വിദ്യാർത്ഥികൾക്കും കേരളത്തിലെ ഏതെങ്കിലും ഒരു യൂണിവേഴ്സിറ്റിയിൽ പേര് രജിസ്റ്റർ ചെയ്ത് യൂണിവേഴ്സിറ്റി അംഗീകരിച്ച ഒരു കോഴ്സ് പ്രൈവറ്റായോ അല്ലാതെയോ ഫുൾടൈം ആയി പഠിയ്ക്കുന്ന വിദ്യാർത്ഥികൾക്കും അവർ മറ്റേതെങ്കിലും ജോലികളിൽ ഏർപ്പെട്ടിട്ടില്ലായെങ്കിൽ അവർക്ക് യാത്രാ കൺസഷൻ ലഭിയ്ക്കുന്നതാണ്. ആയുർവേദ പാരാ മെഡിക്കൽ കോഴ്സ് മേൽ പറഞ്ഞ വിഭാഗത്തിൽ ഉൾപ്പെടുന്നുവെങ്കിൽ അവർക്കും യാത്രാ സൗജന്യം ലഭിയ്ക്കുന്നതാണ്. ഇതനുസരിച്ചുള്ള നിർദ്ദേശം എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ യാത്രാ കൺസഷൻ അനുവദിയ്ക്കുന്നത് സംബന്ധിച്ച് കെ.എസ്.ആർ.ടി.സി. ചെയർമാൻ & മാനേജിംഗ് ഡയറക്ടറുമായി ബന്ധപ്പെടേണ്ടതാണ്.

വിശ്വസ്തതയോടെ,

ട്രാൻസ്പോർട്ട് കമ്മീഷണർക്ക് വേണ്ടി

12/7/13

പകർപ്പ്:-

എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും,
ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും,
സൂചന പ്രകാരം ലഭിച്ച നിവേദനം ആവശ്യമായ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു
(ഇ-മെയിൽ വഴി)

ജെ.എസ്.

മോട്ടോർ വാഹന വകുപ്പ്, കേരളം

15622/13

C3 05/7/13

നം:പി/1630/2013/ഡി.എ.എം.ഇ.(1)

ആയൂർവേദ മെഡിക്കൽ വിദ്യാഭ്യാസ-
ഡയറക്ടറുടെ കാര്യാലയം
ആരോഗ്യഭവൻ
തിരുവനന്തപുരം
തീയതി : 01/07/2013.

ഡയറക്ടർ

**കമ്മീഷണർ**
**കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ**

**റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ**
**തിരുവനന്തപുരം/കൊല്ലം/കോട്ടയം/എറണാകുളം/തൃശ്ശൂർ/പാലക്കാട്/**
**മലപ്പുറം/കോഴിക്കോട്/കണ്ണൂർ/കാസർകോഡ്**

സർ,

വിഷയം : ആയൂർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം – സർക്കാർ അംഗീകൃത ആയൂർവേദ പാരാമെഡിക്കൽ കോഴ്സ് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ബസ് കൺസെഷൻ ലഭ്യമാക്കുന്നത് – സംബന്ധിച്ച്.

സൂചന: 20/3/2013–തീയതിയിലെ വൈദ്യരത്നം ആയൂർവേദ കോളേജ് പ്രിൻസിപ്പാളിന്റെ കത്ത്.

2012–13 വർഷത്തെ കേരള സർക്കാർ അംഗീകരിച്ച 1 വർഷത്തെ ആയൂർവേദ പാരാമെഡിക്കൽ സർട്ടിഫിക്കറ്റ് കോഴ്സുകൾ, ആയൂർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സർക്കാർ, എയ്ഡഡ്, സ്വാശ്രയ സ്ഥാപനങ്ങളിൽ 25/02/2013–മുതൽ നടന്നുവരികയാണ്. മറ്റ് സർക്കാർ അംഗീകൃത കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് നൽകാറുള്ളതുപോലെ ബസ് കൺസഷൻ സൗകര്യം സർക്കാർ അംഗീകൃതമായ ആയൂർവേദ പാരാമെഡിക്കൽ കോഴ്സു പഠിക്കുന്ന (ആയൂർവേദ ഫാർമസിസ്റ്റ്/ആയൂർവേദ തെറാപ്പിസ്റ്റ്) വിദ്യാർത്ഥികൾക്കും ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ആയൂർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിൽ പ്രസ്തുത സർക്കാർ അംഗീകൃത കോഴ്സുകൾ നടത്തുന്ന സ്ഥാപനങ്ങളുടെ വിവരം ഇതോടൊപ്പം ചേർക്കുന്നു.

വിശ്വസ്തതയോടെ

**ഡയറക്ടർ**

**പകർപ്പ് : പ്രിൻസിപ്പാൾ (ആമുഖ കത്ത് സഹിതം)**
**സർക്കാർ/എയിഡഡ്/സ്വാശ്രയ ആയൂർവേദ കോളേജുകൾ/**
**ആയൂർവേദ പാരാമെഡിക്കൽ കോഴ്സ് നടത്തുന്ന എല്ലാ മറ്റു സ്ഥാപനങ്ങൾ**

# ആയുർവേദ മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം

## 2012–13 വർഷത്തിൽ ആയുർവേദ പാരാമെഡിക്കൽ (ഫാർമസിസ്റ്റ്/തെറാപ്പിസ്റ്റ്) കോഴ്സുകൾ നടത്തുന്ന സ്ഥാപനങ്ങൾ

### ഗവൺമെന്റ് ആയുർവേദ കോളേജുകൾ

1) ഗവൺമെന്റ് ആയുർവേദ കോളേജ്
   തിരുവനന്തപുരം
2) ഗവൺമെന്റ് ആയുർവേദ കോളേജ്
   തൃപ്പൂണിത്തുറ
3) ഗവൺമെന്റ് ആയുർവേദ കോളേജ്
   കണ്ണൂർ

### എയിഡഡ് ആയുർവേദ കോളേജുകൾ

4) വൈദ്യരത്നം ആയുർവേദ കോളേജ് ഒല്ലൂർ
5) വൈദ്യരത്നം പി.എസ്.വാര്യർ ആയുർവേദ കോളേജ് കോട്ടയ്ക്കൽ

### സ്വാശ്രയ ആയുർവേദ കോളേജുകളും പാരാമെഡിക്കൽ സ്ഥാപനങ്ങളും

1)ശ്രീനാരായണ ഹെൽത്ത് കെയർ സൊസൈറ്റി, പുതതൂർ, കൊല്ലം

2)ശ്രീധരീയം ആയുർവേദിക് റിസർച്ച് & ഡെവലപ്പ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്, കൂത്താട്ടുകുളം

3)സുഖോദയ ആയുർവേദ കോളേജ്, കാഞ്ഞിരപ്പള്ളി, കോട്ടയം

4)പരത്തുവയലിൽ ഹോസ്പിറ്റൽ, പെരുമ്പാവൂർ.

5)നങ്ങേലിൽ ആയുർവദ കോളേജ്, കോതമംഗലം, എറണാകുളം

6)പി.എൻ.പണിക്കർ സൗഹൃദ ആയുർവേദ കോളേജ്, കാഞ്ഞങ്ങാട്, കാസർഗോഡ്

7)പറശ്ശിനിക്കടവ് ആയുർവേദ കോളേജ് കണ്ണൂർ

8)അമല ക്യാൻസർ ഹോസ്പിറ്റൽ സൊസൈറ്റി, തൃശ്ശൂർ

9)വിഷ്ണു ആയുർവേദ കോളേജ് ഷൊർണ്ണൂർ

10)കേരളീയ ആയുർവേദ സമാജം ഹോസ്പിറ്റൽ ഷൊർണ്ണൂർ

11)അഹല്യ ആയുർവേദ കോളേജ്, പാലക്കാട്

12)കെ.എം.സി.റ്റി.ആയുർവേദ കോളേജ്, കോഴിക്കോട്

13)പങ്കജകസ്തൂരി ആയുർവേദ കോളേജ്, കാട്ടാക്കട

14)ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ്, കോലിയക്കോട്, പോത്തൻകോട്

15) മന്നം ആയുർവേദ കോ-ഓപ്പറേറ്റീവ് മെഡിക്കൽ കോളേജ്, പന്തളം

16) കേരളാ ആയുർവേദ ലിമിറ്റഡ്, അത്താണി, എറണാകുളം

ഡയറക്ടർ
ആയുർവേദ മെഡിക്കൽ എഡ്യൂക്കേഷൻ